A

GI 512

# സമഗ്രശിക്ഷാ കേരളം

## വാർഷിക മൂല്യനിർണ്ണയം 2023-2024

### മലയാളം

### അടിസ്ഥാനപാഠാവലി

**ക്ലാസ് : 5** **സമയം: 2 മണിക്കൂർ**

## *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ സ്കോർ 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) സ്കോർ കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതുക. ബാക്കിയുള്ള അഞ്ചു പ്രവർത്തനത്തിൽ നാല് എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം : 1 വായിക്കാം എഴുതാം**

**പഠനനേട്ടം**

- *ആശയഗ്രഹണ വായനയ്ക്കുശേഷം സാമഗ്രിയെ വിശകലനാത്മക രീതിയിൽ പരിശോധിച്ച് ശരിയുത്തരങ്ങൾ കണ്ടെത്തുന്നു.*

**സൂചകങ്ങൾ**

1. ഓരോ വീട്ടിൽ നിന്നും (1)
2. പിച്ചാത്തിയും ഈറ്റക്കുഴലും (1)
3. മൈതാനമാണ് (1)
4. കുരുക്കുത്തി (1)
5. പശുക്കളെ മേയ്ക്കുക (1)

**പ്രവർത്തനം - 2 ഉപന്യാസം**

**പഠനനേട്ടം**

- *സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ അടിസ്ഥാനമാക്കി ഉപന്യാസം തയ്യാറാക്കുന്നു.*

**സൂചകങ്ങൾ**

1. ഉപന്യാസത്തിന്റെ ഘടന (തുടക്കം, പ്രധാന ആശയങ്ങൾ, വിശദീകരണങ്ങൾ, ഉപസംഹാരം പാലിച്ചിട്ടുണ്ട്.) (1)
2. പ്രകൃതിസ്നേഹം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (1)
3. ആശയങ്ങളും നിലപാടും വ്യക്തമാക്കാൻ അനുയോജ്യമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്. (1)
4. സ്വന്തം നിരീക്ഷണങ്ങളും നിലപാടും ഉൾപ്പെടുത്തിയിട്ടുണ്ട്. (1)
5. ചിഹ്നനം പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)

**പ്രവർത്തനം - 3 അനുഭവക്കുറിപ്പ്**

**പഠനനേട്ടം**

- *ഭാഷാശേഷി, സവിശേഷപ്രയോഗങ്ങൾ എന്നിവ ഉൾപ്പെടുത്തി കാര്യകാരണബന്ധത്തോടെ സംഭവങ്ങൾ ക്രമീകരിച്ച് ആകർഷകമായ ഭാഷയിൽ എഴുതുന്നു.*

**സൂചകങ്ങൾ**

1. ആഘോഷത്തിന്റെ ഓർമ്മകൾ, വികാരം ഉൾക്കൊണ്ട് എഴുതിയിട്ടുണ്ട്. (1)

2. സംഭവങ്ങൾ ക്രമീകരിച്ച് എഴുതിയിട്ടുണ്ട്. (1)
3. സവിശേഷ പ്രയോഗങ്ങൾ, മികച്ച ഭാഷാശൈലി സ്വീകരിച്ചിട്ടുണ്ട്. (1)
4. മൗലികത സ്വീകരിച്ചിട്ടുണ്ട് (1)

ബി. പടക്കം പൊട്ടിക്കുക (1)

**പ്രവർത്തനം - 4 പോസ്റ്റർ**

**പഠനനേട്ടം**

- *ആശയപ്രചരണത്തിനായി ആകർഷകമായ പോസ്റ്റർ തയ്യാറാക്കുന്നു.*

**സൂചകങ്ങൾ**

1. ആശയം, ചിത്രം, തലക്കെട്ട്, ഉപവാചകങ്ങൾ എന്നിവ ആകർഷകമായി വിന്യസിച്ചിട്ടുണ്ട്. (1)
2. വിവിധ അക്ഷര വലുപ്പം സ്വീകരിച്ചിട്ടുണ്ട്. (1)
3. ആശയം സംവേദനക്ഷമമായി അവതരിപ്പിച്ചിട്ടുണ്ട്. (1)
4. വിഷയവുമായി നേരിട്ട് ബന്ധം പുലർത്തുന്നുണ്ട്. (1)
5. പോസ്റ്ററിന്റെ പൊതുസ്വഭാവം പാലിക്കുന്നുണ്ട്. (1)

**പ്രവർത്തനം - 5 ജീവചരിത്രക്കുറിപ്പ്**

**പഠനനേട്ടം**

- *വ്യക്തികളുടെ ജീവിതം, പ്രവർത്തനം, സംഭാവന എന്നിവ പരിഗണിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നതിന്.*

**സൂചകങ്ങൾ**

1. പി. കുഞ്ഞിരാമൻ നായരുടെ ജീവിതം സംക്ഷിപ്തവും വ്യക്തവുമായി അവതരിപ്പിച്ചിട്ടുണ്ട്. (1)
2. ആശയങ്ങൾ ചുരുക്കി വ്യക്തമായി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്. (1)
3. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)
4. ഭാഷാപരമായ മികവുകൾ പുലർത്തിയിട്ടിണ്ട് (1)
5. ചോദ്യങ്ങളിലെ സൂചനകൾക്ക് പുറമെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (1)

**പ്രവർത്തനം - 6 വിശകലനക്കുറിപ്പ്**

**പഠനനേട്ടം**

- *കണ്ടതൊ കേട്ടതൊ വായിച്ചറിഞ്ഞതൊ ആയ കാര്യങ്ങൾ യുക്തിപൂർവം വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുന്നു.*

**സൂചകങ്ങൾ**

1. ആശയങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
2. അനുയോജ്യമായ ഭാഷ (പ്രയോഗങ്ങൾ, ഘടന) ഉപയോഗിച്ചിട്ടുണ്ട്. (1)
3. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)
4. ഉദാഹരണങ്ങളും തെളിവുകളും സഹിതം വിശകലനം ചെയ്തിട്ടുണ്ട് (1)

ബി) കുട്ടികൾ (1)